# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T-2381** **19.06.2013-ലെ മറുപടിക്ക്**

## സംസ്ഥാനത്തെ മെഡിക്കൽ/ഡെന്റൽ കോളേജുകളുടേയും സീറ്റുകളുടെയും വിശദാംശം

**ചോദ്യം**

ശ്രീ. പി. കെ. ഗുരുദാസൻ :

**ഉത്തരം**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) ആൾ ഇന്ത്യാ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരമുള്ള സംസ്ഥാനത്തെ മെഡിക്കൽ/ഡെന്റൽ കോളേജുകളും സീറ്റുകളും സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

(എ) സംസ്ഥാനത്ത് ആൾ ഇന്ത്യാ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരമുള്ള 23 മെഡിക്കൽ കോളേജുകളിൽ 2800 മെഡിക്കൽ സീറ്റുകളും 22 ഡെന്റൽ കോളേജുകളിൽ 1350 ഡെന്റൽ സീറ്റുകളും ആകെ ലഭ്യമാണ്.

(ബി) സർക്കാർ/അർദ്ധ സർക്കാർ മേഖലയിലെ മെഡിക്കൽ/ഡെന്റൽ കോളേജുകൾ എത്ര ; മെരിറ്റിൽ പ്രവേശനം നടത്താവുന്ന മൊത്തം സീറ്റുകൾ എത്ര ;

(ബി) 2013-14 വർഷം സർക്കാർ മേഖലയിൽ 5 മെഡിക്കൽ കോളേജുകൾ പ്രവർത്തിക്കുന്നു. ആകെ 850 സീറ്റുകൾ ലഭ്യമാണ്. അതിൽ 127 ആൾ ഇൻഡ്യാ സീറ്റുകളും , 27 കേന്ദ്ര സർക്കാർ നോമിനിക്കുള്ള സീറ്റുകളും ഒഴികെ 696 സീറ്റുകൾ പ്രവേശനത്തിന് ലഭ്യമാണ്. സർക്കാർ മേഖലയിൽ 3 ഡെന്റൽ കോളേജുകൾ പ്രവർത്തിക്കുന്നു. ആകെ 140 സീറ്റുകൾ ലഭ്യമാണ്. അതിൽ 20 ആൾ ഇൻഡ്യാ സീറ്റുകളും, 2 കേന്ദ്ര സർക്കാർ നോമിനിക്കുള്ള സീറ്റുകളും ഒഴികെ 118 സീറ്റുകൾ പ്രവേശനത്തിന് ലഭ്യമാണ്. സർക്കാർ നിയന്ത്രിത സ്വാശ്രയ മേഖലയിൽ 2 മെഡിക്കൽ കോളേജുകൾ പ്രവർത്തിക്കുന്നു. ആകെ 200 സീറ്റുകൾ ലഭ്യമാണ്. ഇതിൽ കൊച്ചി കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജിലുള്ള 100 സീറ്റിൽ 50 ശതമാനം സർക്കാർ ക്വാട്ടയിലേക്കുള്ള സീറ്റുകളും, 35 ശതമാനം മാനേജ്മെന്റ് ക്വാട്ടയിലുള്ള സീറ്റുകളും, അലോട്ട്മെന്റിനായി ലഭ്യമായിട്ടുണ്ട്. കണ്ണൂർ പരിയാരം മെഡിക്കൽ കോളേജിൽ ഉള്ള 100 സീറ്റിൽ 50 ശതമാനം സീറ്റുകൾ അലോട്ട്മെന്റിനായി ലഭ്യമായിട്ടുണ്ട്.

**(P.T.O.)**

ഈ മേഖലയിൽ ഒരു ഡെന്റൽ കോളേജ് പ്രവർത്തിക്കുന്നുണ്ട്. ആകെ 60 സീറ്റുകൾ ലഭ്യമാണ്. ഇതിൽ 50 ശതമാനം സീറ്റുകൾ പ്രവേശനം നടത്തുന്നതിന് ലഭ്യമാണ്.

(സി) സ്വകാര്യ സ്വാശ്രയ മേഖലയിലെ മെഡിക്കൽ/ഡെന്റൽ കോളേജുകൾ എത്ര ; പ്രവേശനം നടത്താവുന്ന എം.ബി.ബി.എസ്., ബി.ഡി.എസ്. സീറ്റുകൾ എത്ര ; ആയതിൽ സർക്കാരിന് വിട്ടുകിട്ടിയ എം.ബി.ബി.എസ്., ബി.ഡി.എസ്. സീറ്റുകൾ എത്ര ; ഈ സീറ്റുകളിൽ എത്ര സീറ്റുകളിൽ മെരിറ്റിൽ പ്രവേശനം നടത്തുവാൻ സാധ്യമാകും ; സ്വാശ്രയ മാനേജുമെന്റുകൾക്ക് പ്രവേശനം നടത്താവുന്ന മൊത്തം സീറ്റുകൾ എത്ര ; വിശദാംശം ലഭ്യമാക്കുമോ ?

(സി) സ്വകാര്യ സ്വാശ്രയ മേഖലയിലുള്ള 13 മെഡിക്കൽ കോളേജുകളിലേക്കും, 18 ഡെന്റൽ കോളേജുകളിലേക്കും അലോട്ട്മെന്റ് നടത്തുന്നതിന് 50 ശതമാനം സീറ്റുകൾ കഴിഞ്ഞ വർഷം ലഭ്യമായിരുന്നു. ഈ വർഷത്തെ അലോട്ട്മെന്റ് സംബന്ധിച്ച് അന്തിമ തീരുമാനം ഉണ്ടായിട്ടില്ല.

സെക്ഷൻ ഓഫീസർ